Reg. No. : ....................................

Name : ..........................................

**SME-50**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2020

Part – III

## ACCOUNTANCY WITH COMPUTERISED ACCOUNTING

Maximum : 60 Scores

Time : 2 Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## PART – A (Scores : 40)

## ACCOUNTING

**I. Answer all questions from 1 to 6. Each carries 1 score. (6 × 1 = 6)**

1. Annual subscription from the members of a club is treated as :
   (a) Capital Receipt (b) Capital Payment
   (c) Revenue Receipt (d) Revenue Payment

2. The account which shows distribution of profit among partners in a business firm is
   (a) Profit & Loss Account (b) Profit & Loss Appropriation Account
   (c) Partner's Capital Account (d) Revaluation Account

3. On admission of a new partner, the unrecorded assets are credited to ________ account.

4. At the time of retirement of a partner, the accumulated losses are to be shared in :
   (a) Old Ratio (b) New Ratio
   (c) Gaining Ratio (d) Capital Ratio

5. Choose the item to be credited to 'Realisation Account' :
   (a) Payment to creditors (b) Realisation expenses
   (c) Bills receivables (d) Provision for doubtful debts

6. Pass the journal entry for settlement of any unrecorded liability on dissolution of a firm.

**II. Answer any 5 questions from 7 to 12, each carries 2 scores : (5 × 2 = 10)**

7. List out any four main sources of income for not-for-profit organisations.

8. The Receipts and Payments Account of a school for the year ended 31-03-2019 shows payment for stationery as ₹ 20,000. The following additional information also available :

| Details | 01-04-2018 (₹) | 31-03-2019 (₹) |
|---|---|---|
| Stock of Stationery | 2,000 | 1,000 |
| Creditors for Stationery | 6,000 | 4,000 |

Calculate the amount of stationery expenses to be debited to Income and Expenditure Account during the period.

## PART – A

(Scores : 40)

## ACCOUNTING

**I. 1 മുതൽ 6 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (6 × 1 = 6)**

1. ഒരു ക്ലബ്ബിലെ അംഗങ്ങളിൽനിന്നുള്ള വാർഷിക വരിസംഖ്യ കണക്കിലെടുക്കേണ്ടത് :
   (a) മൂലധന വരവായാണ്
   (b) മൂലധന ചെലവായാണ്
   (c) റവന്യൂ വരവായാണ്
   (d) റവന്യൂ ചെലവായാണ്

2. ഒരു ബിസിനസ് സ്ഥാപനത്തിലെ പങ്കാളികൾക്ക് ലാഭം വീതിച്ച് നൽകിയിരിക്കുന്നത് എങ്ങനെയെന്നു കാണിക്കുന്ന അക്കൗണ്ടാണ്
   (a) ലാഭ-നഷ്ട അക്കൗണ്ട്
   (b) ലാഭ-നഷ്ട വിനിയോഗ അക്കൗണ്ട്
   (c) പങ്കാളികളുടെ മൂലധന അക്കൗണ്ട്
   (d) പുനർ മൂല്യനിർണ്ണയ അക്കൗണ്ട്

3. ഒരു പുതിയ പങ്കാളിയുടെ പ്രവേശന സമയത്ത്, കണക്കിൽ ഉൾപ്പെടുത്താതെയുള്ള ആസ്തികളെ ക്രെഡിറ്റ് ചെയ്യേണ്ടത് _________ അക്കൗണ്ടിലാണ്.

4. ഒരു പങ്കാളിയുടെ വിരമിക്കൽ സമയത്ത്, സഞ്ചിത നഷ്ടം വീതിക്കേണ്ടത് :
   (a) പഴയ അനുപാതത്തിൽ
   (b) പുതിയ അനുപാതത്തിൽ
   (c) നേട്ട അനുപാതത്തിൽ
   (d) മൂലധന അനുപാതത്തിൽ

5. 'റിയലൈസേഷൻ അക്കൗണ്ടിൽ' ക്രെഡിറ്റ് ചെയ്യേണ്ട ഇനം ഏത് ?
   (a) ക്രെഡിറ്റേഴ്സിന് പണം നൽകൽ
   (b) റിയലൈസേഷൻ ചെലവുകൾ
   (c) കിട്ടാനുള്ള ബില്ലുകൾ
   (d) സംശയാസ്പദകടത്തിനുള്ള നീക്കിയിരിപ്പ്

6. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ അടച്ചുപൂട്ടൽ സമയത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ബാധ്യത തീർപ്പാക്കുന്നതിനുള്ള ജേർണൽ എൻട്രി നൽക്കുക.

**II. 7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (5 × 2 = 10)**

7. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ ഏതെങ്കിലും നാല് വരുമാന മാർഗ്ഗങ്ങളെ പട്ടികപ്പെടുത്തുക.

8. ഒരു സ്കൂളിന്റെ 31-03-2019 ൽ അവസാനിക്കുന്ന വർഷത്തെ പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ടിൽ സ്റ്റേഷണറി ഇനത്തിൽ 20,000 രൂപ നൽകിയതായി കാണുന്നു. താഴെ നൽകിയിരിക്കുന്ന അധിക വിവരങ്ങളും ലഭ്യമാണ്:

| വിശദാംശങ്ങൾ | 01-04-2018 (രൂപ) | 31-03-2019 (രൂപ) |
|---|---|---|
| സ്റ്റേഷണറിയുടെ സ്റ്റോക്ക് | 2,000 | 1,000 |
| സ്റ്റേഷണറി വകയിലെ ക്രെഡിറ്റേഴ്സ് | 6,000 | 4,000 |

പ്രസ്തുത കാലയളവിലെ വരവ്-ചെലവ് കണക്കിൽ ഡെബിറ്റ് ചെയ്യേണ്ട സ്റ്റേഷണറി ചെലവിന്റെ തുക കണ്ടുപിടിക്കുക.

9. State the general provisions in the Partnership Act, regarding the following items, in the absence of an agreement between partners in a firm :

(a) Profit sharing ratio

(b) Interest on advances

10. Pavithran and Reshma, who are partners in a firm and their capital accounts showed the balance of ₹ 4,00,000 and ₹ 3,00,000 respectively. On 01-04-2018. Pavithran brought in ₹ 2,00,000 as additional capital on 01-08-2018 and Reshma brought in further capital of ₹ 3,00,000 on 01-10-2018. The partnership deed provides for interest on capital @ 6% p.a. Calculate the interest on capital provided to both partners, assuming that the accounts are closed on 31st March every year.

11. List out any four circumstances in which goodwill of a partnership firm should be valued.

12. Write the order in which the amounts realized through the sale of assets to be applied, on dissolution of a partnership firm.

**III. Answer any 2 questions from 13 to 15, each carries 3 scores : (2 × 3 = 6)**

13. Anu and Beena share profits and losses in the ratio of 3 : 2. They admit Dani as new partner for 1/6 share in profits, with a guarantee of ₹ 40,000 as yearly minimum share in profits. The net profit of the firm for the year ending 31-03-2019 was ₹ 1,20,000. The partnership deed is silent about the interest on capital, remuneration to partners and interest on drawings.

Prepare the Profit and Loss Appropriation Account.

14. Anil and Suku are partners sharing profits in the ratio of 3 : 2. They admit Hari as a new partner for 1/5 share in future profits of the firm. Calculate the new profit sharing ratio of the partners.

15. Distinguish between 'reconstitution of a firm' and 'dissolution of a firm', in accounting point of view. (write any three differences)

9. ഒരു സ്ഥാപനത്തിലെ പങ്കാളികൾ തമ്മിലുള്ള കരാറിന്റെ അഭാവത്തിൽ, താഴെ നൽകിയിട്ടുള്ള ഇനങ്ങളെ സംബന്ധിച്ച് പങ്കാളിത്ത നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ എഴുതുക :

(a) ലാഭം വീതിക്കുന്ന അനുപാതം

(b) വായ്പകളുടെ പലിശ

10. പവിത്രനും, രേഷ്മയും പങ്കാളികളായ ബിസിനസിലെ അവരുടെ 01-04-2018-ലെ മൂലധന നീക്കിയിരിപ്പ് യഥാക്രമം 4,00,000 രൂപയും 3,00,000 രൂപയുമാണ്. 01-08-2018-ൽ പവിത്രൻ 2,00,000 രൂപയും, 01-10-2018-ൽ രേഷ്മ 3,00,000 രൂപയും അധിക മൂലധനമായി കൊണ്ടുവരുന്നു. പങ്കാളിത്ത കരാറിൽ 6% വാർഷിക നിരക്കിൽ മൂലധന പലിശ നൽകാൻ വ്യവസ്ഥയുണ്ട്. എല്ലാ വർഷവും മാർച്ച് 31-ന് കണക്കുകൾ നീർപ്പാക്കുന്നുണ്ട് എന്ന അനുമാനത്തിൽ രണ്ട് പങ്കാളികൾക്കും നൽകേണ്ട മൂലധന പലിശയുടെ തുക കണ്ടുപിടിക്കുക.

11. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ സൽപേര് മൂല്യനിർണ്ണയം ചെയ്യേണ്ട ഏതെങ്കിലും നാല് സാഹചര്യങ്ങൾ പട്ടികപ്പെടുത്തുക.

12. ഒരു പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടുമ്പോൾ, ആസ്തികളുടെ വില്പനയിലൂടെ ലഭിക്കുന്ന തുക വിനിയോഗി ക്കേണ്ടതിന്റെ ക്രമം. എഴുതുക.

**III. 13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(2 × 3 = 6)**

13. അനുവും, ബീനയും 3 : 2 ലാഭഅനുപാതത്തിൽ ബിസിനസ് പങ്കാളികളാണ്. ഇവർ ഡാനിയെ 1/6 ലാഭ വീതം നൽകാമെന്നുള്ള വ്യവസ്ഥയിൽ പുതിയ പങ്കാളിയായി നിയമിച്ചു. വർഷം തോറും ഏറ്റവും കുറഞ്ഞത് 40,000 രൂപയെങ്കിലും ലാഭ വീതം നൽകാമെന്നും ഇവർ പുതിയ പങ്കാളിക്ക് ഉറപ്പുനൽകുന്നു. 31-03-2019-ൽ അവസാനിക്കുന്ന വർഷത്തെ ബിനിനസ് ലാഭം 1,20,000 രൂപയാണ്. പങ്കാളിത്ത കരാറിൽ മൂലധന പലിശ, പങ്കാളികളുടെ വേതനം, തൻപറ്റ് പലിശ എന്നിവയെക്കുറിച്ച് പരാമർശിക്കുന്നില്ല.

നടപ്പ് വർഷത്തെ ലാഭ-നഷ്ട വിനിയോഗ അക്കൗണ്ട് തയ്യാറാക്കുക.

14. അനിൽ, സുകു എന്നിവർ 3 : 2 ലാഭ അനുപാതത്തിൽ ബിസിനസ് പങ്കാളികളാണ്. ഇവർ ഹരിയെ 1/5 ലാഭവീതം നൽകി പുതിയ പങ്കാളിയാക്കുന്നു. ഈ പങ്കാളികളുടെ പുതിയ ലാഭ വീത അനുപാതം കണ്ടുപിടിക്കുക.

15. അക്കൗണ്ടിംഗ് ചിന്താഗതിയിൽ, പങ്കാളിത്ത സ്ഥാപനത്തിന്റെ 'പുനസംഘാടനവും', പങ്കാളിത്ത സ്ഥാപനത്തിന്റെ 'അടച്ചുപൂട്ടലും' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ എഴുതുക)

**IV. Answer any 2 questions from 16 to 18, each carries 5 scores :** **(2 × 5 = 10)**

16. Jayesh, Jobish and Joseph were partners sharing profits in the ratio of 3 : 2 : 1. Jobish decided to retire from the firm as he got employment in government service. At the time of retirement, the partners decided to value goodwill based on 3 years purchase of the super profits of the business. The books of business showed that the capital employed in the firm was ₹ 10,00,000. The profits of last five years were :

| Year | ₹ |
|---|---|
| 2014 – 15 | 80,000 |
| 2015 – 16 | 1,00,000 |
| 2016 – 17 | 1,10,000 |
| 2017 – 18 | 1,40,000 |
| 2018 – 19 | 1,70,000 |

The normal rate of return of the business is 10% per annum.

(a) Calculate the value of firm's goodwill.

(b) Pass Journal entries for the treatment of goodwill, assuming that goodwill is raised at its full value and written off immediately.

17. Abdulla, Binoy and Chandran are partners in a firm. Binoy retires from the firm due to ill-health. On his retirement ₹ 90,000 due to him from the firm. The continuing partners promise to pay him in four yearly instalments plus interest @ 12% p.a., on the unpaid balance.

Prepare Binoy's Loan Account, till the full amount is paid off.

18. Agnes, Beena and Cini are equal partners in a firm. They decided to dissolve the business due to heavy loss. Pass journal entries for the following events took place on dissolution :

(a) Assets having book value of ₹ 86,000 realised ₹ 63,000.

(b) Realisation expenses paid by the firm ₹ 3,000.

(c) The unrecorded furniture was takenover by Agnes for ₹ 3,500.

(d) Creditors of ₹ 20,000 were paid 5% less.

(e) Unrecorded electricity bill of ₹ 2,500 paid off.

**IV. 16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.**

**(2 × 5 = 10)**

16. ജയേഷ്, ജോബിഷ്, ജോസഫ് എന്നിവർ 3:2:1 ലാഭ-അനുപാതത്തിൽ പങ്കാളികളായിരുന്ന ബിസിനസ്സിൽ നിന്നും, സർക്കാർ ജോലി ലഭിച്ചതിനാൽ, ജോബിഷ് വിരമിക്കുന്നു. ഈ സമയത്ത് , സ്ഥാപനത്തിന്റെ അധിക ലാഭം മൂന്ന് വർഷത്തേക്ക് വാങ്ങുന്നതിനുള്ള വിലയായി സൽപേര് മൂല്യ നിർണ്ണയം ചെയ്യാൻ തീരുമാനിക്കുന്നു. ബിസിനസ്സിന്റെ കണക്ക് ബുക്കിൽ കാണിക്കുന്ന മൂലധന നിക്ഷേപം 10,00,000 രൂപയാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ലാഭം താഴെ നൽകിയിരിക്കുന്നു :

| വർഷം | രൂപ |
|---|---|
| 2014 – 15 | 80,000 |
| 2015 – 16 | 1,00,000 |
| 2016 – 17 | 1,10,000 |
| 2017 – 18 | 1,40,000 |
| 2018 – 19 | 1,70,000 |

ബിസിനസിന്റെ സാധാരണ ലാഭനിരക്ക് പ്രതിവർഷം 10% മാണ്.

(a) പങ്കാളിത്ത സ്ഥാപനത്തിന്റെ സൽപേര് മൂല്യം കണ്ടുപിടിക്കുക.

(b) സൽപേരിന്റെ നിക്കുപോക്കിന് ആവശ്യമായ ജേർണൽ എൻട്രികൾ നൽകുക. സൽപേര് മൂല്യം മുഴുവൻ തുകയ്ക്കും സൃഷ്ടിച്ച് ഉടൻതനെ ബുക്കിൽ നിന്നും എഴുതിത്തള്ളന്നുവെന്ന് അനുമാനിക്കുക.

17. അബ്ദുള്ള, ബിനോയി, ചന്ദ്രൻ എന്നിവർ ബിസിനസ് പങ്കാളികളാണ്. അനാരോഗ്യം മൂലം ബിനോയ് സ്ഥാപനത്തിൽ നിന്നും വിരമിക്കുന്നു. അയാളുടെ വിരമിക്കൽ സമയത്ത് 90,000 രൂപ സ്ഥാപനത്തിൽ നിന്നും നല്കുവാനുണ്ട്. ഈ തുക നാല് തുല്യ തവണകളായി, നീക്കി ബാക്കിയുള്ളതിന് പ്രതിവർഷം 12% നിരക്കിൽ പലിശയോടുകൂടി തിരികെ നൽകാമെന്ന് ബിസിനസിൽ തുടരുന്ന പങ്കാളികൾ വാഗ്ദാനം ചെയ്യുന്നു. തുക പൂർണ്ണമായും തിരികെ നൽകുന്നതുവരെയുള്ള ബിനോയിയുടെ വായ്പാ ആക്കൗണ്ട് തയ്യാറാക്കുക.

18. ആഗ്നസ്, ബീന, സിനി എന്നിവർ തുല്യ ബിസിനസ് പങ്കാളികളാണ്. കനത്ത നഷ്ടമുണ്ടായതിനാൽ സ്ഥാപനം അടച്ചുപൂട്ടുവാൻ ഇവർ തീരുമാനിച്ചു. സ്ഥാപനത്തിന്റെ അടച്ചുപൂട്ടലുമായി ബന്ധനപ്പെട്ട്, താഴെ നൽകിയിരിക്കുന്ന ഇടപാടുകളുടെ ജേർണൽ എൻട്രികൾ നൽക്കുക :

(a) ബുക്കിൽ 86,000 രൂപ വിലയുള്ള ആസ്തികൾ 63,000 രൂപയ്ക്ക് വില്പന നടത്തി.

(b) റിയലൈശേഷൻ ചെലവുകൾക്കായി സ്ഥാപനത്തിൽ നിന്നും 3,000 രൂപ നൽകി.

(c) ബുക്കിൽ രേഖപ്പെടുത്താതുള്ള ഫർണിച്ചർ 3,500 രൂപയ്ക്ക് ആഗ്നസ് ഏറ്റെടുത്തു.

(d) ക്രെഡിറ്റേഴ്സിന് നൽകാനുള്ള 20,000 രൂപ, 5% കിഴിവിൽ തീർപ്പാക്കി.

(e) ബുക്കിൽ രേഖപ്പെടുത്താതെയുള്ള ഇലക്ട്രിസിറ്റി ബിൽ 2,500 രൂപ അടച്ചു.

**V. Answer any 1 question from 19 and 20, carries 8 scores.** **(1 × 8 = 8)**

19. A cultural club has the following receipts and payments of cash during the year 2018-19 :

| Receipts | ₹ |
|---|---|
| Opening cash balance | 30,800 |
| Subscriptions | 50,200 |
| Donations | 32,000 |
| Endowment Fund | 60,000 |
| Legacies | 24,000 |
| Interest on investments | 3,800 |
| Sale of old newspaper | 1,300 |
| **Total** | **2,02,100** |
| **Payments** | **₹** |
| Furniture | 23,000 |
| Investments | 55,000 |
| Charities | 60,000 |
| Salaries | 11,800 |
| Rent | 5,000 |
| Insurance | 4,800 |
| Closing cash balance | 42,500 |
| **Total** | **2,02,100** |

The following additional information are also available :

(a) The assets and liabilities of the club as on 01-04-2018 were :

Furniture – ₹ 85,000

Investments – ₹ 1,45,000

Accrued subscription – ₹ 2,000

Rent outstanding – ₹ 3,000

(b) It was decided to treat 50% of the amount received on account of legacies and donations as income.

(c) Expenses outstanding on 31-03-2019 were :

Rent – ₹ 2,000

Salaries – ₹ 3,200

(d) Subscription unpaid during the year 2018-19 were ₹ 4,800.

Prepare the Income and Expenditure Account for the year ended 31-03-2019 and the Balance Sheet as on that date.

V. 19, 20 ചോദ്യങ്ങളിൽ ഏതെങ്കിലും 1 മാത്രം ഉത്തരമെഴുതുക. 8 സ്കോർ. (1 × 8 = 8)

19. ഒരു സാംസ്കാരിക ക്ലബ്ബിന്റെ 2018-19 വർഷത്തെ പണം സ്വീകരക്കൽ നൽകൽ വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

| സ്വീകരിച്ചത് | രൂപ |
|---|---|
| പ്രാരംഭ നീക്കിയിരിപ്പ് പണം | 30,800 |
| വരിസംഖ്യകൾ | 50,200 |
| സംഭാവനകൾ | 32,000 |
| എന്റോവ്മെന്റ് ഫണ്ട് | 60,000 |
| ലെഗസികൾ | 24,000 |
| നിക്ഷേപത്തിനുള്ള പലിശ | 3,800 |
| പഴയ പത്രങ്ങളുടെ വില്പന | 1,300 |
| **ആകെ** | **2,02,100** |
| **നൽകിയത്** | **രൂപ** |
| ഫർണിച്ചർ | 23,000 |
| നിക്ഷേപങ്ങൾ | 55,000 |
| ദാനം നൽകിയത് | 60,000 |
| ശമ്പളം | 11,800 |
| വാടക | 5,000 |
| ഇൻഷൂറൻസ് | 4,800 |
| സമാപന നീക്കിയിരിപ്പ് | 42,500 |
| **ആകെ** | **2,02,100** |

മറ്റ് അധിക വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു :

(a) ക്ലബ്ബിന്റെ 01-04-2018-ൽ ഉണ്ടായിരുന്ന ആസ്തി-ബാധ്യതകൾ :

ഫർണിച്ചർ – ₹ 85,000

നിഷേപങ്ങൾ – ₹ 1,45,000

കുടിശ്ശിക വരിസംഖ്യ – ₹ 2,000

വാകട നൽകാനുള്ളത് – ₹ 3,000

(b) ലെഗസിയുടെയും, സംഭവാനകളുടെയും 50% തനത് വർഷത്തെ വരുമാനമായി കണക്കിലെടുക്കാൻ തീരുമാനുച്ചിട്ടുണ്ട്.

(c) 31-03-2019-ൽ നൽകാനുള്ള ചെലവുകൾ :

വാടക – 2,000 രൂപ

ശമ്പളം – 3,200 രൂപ

(d) 2018-19 വർഷത്തിൽ കുടിശ്ശികയുള്ള വരിസംഖ്യ 4,800 രൂപയാണ്.

31-03-2019-ൽ അവസാനിക്കുന്ന വർഷത്തെ ക്ലബ്ബിന്റെ വരവ്-ചെലവ് കണക്ക്, പ്രസതുത തീയതിയിലെ ബാക്കിപത്രം എന്നിവ തയ്യാറാക്കുക.

20. Shija and Sundas are equal partners of a textile shop. Their financial position as on 31-03-2019 was as follows :

| Assets | ₹ |
|---|---|
| Cash at bank | 50,000 |
| Debtors | 60,000 |
| Stock | 40,000 |
| Buildings | 1,50,000 |
| Furniture | 1,00,000 |
| **Total** | **4,00,000** |
| **Liabilities** | **₹** |
| Creditors | 60,000 |
| Bills Payable | 10,000 |
| Capital of Shija | 1,80,000 |
| Capital of Sundas | 1,50,000 |
| **Total** | **4,00,000** |

On 01-04-2019, Shihab was admitted as a new partner for 1/3 share of profit. The following terms were also agreed up on by the partners :

(a) Shihab brought in ₹ 1,50,000 as his capital and ₹ 50,000 as his share of goodwill in cash.

(b) Stock to be revalued at ₹ 30,000 and Buildings at ₹ 2,00,000.

(c) A provision for doubtful debts is to be created at 5% on the debtors.

(d) The unrecorded investment of ₹ 3,000 to be taken into account.

Prepare the Revaluation Account, Partner's Capital Account and the Balance Sheet after admission of the new partner.

20. ഷൈജ, സുന്ദാസ് എന്നിവർ തുല്യ പങ്കാളികളായി ഒരു ടെക്സ്റ്റയിൽ ഷോപ്പ് നടത്തുന്നു. 31-03-2019-ലെ ഇവരുടെ ധനകാര്യസ്ഥിതി താഴെ കൊടുത്തിരിക്കുന്നു.

| ആസ്തികൾ | രൂപ |
|---|---|
| ബാങ്കിലുള്ള പണം | 50,000 |
| ഡെബ്റ്റേഴ്സ് | 60,000 |
| സ്റ്റോക്ക് | 40,000 |
| ബിൾഡിംഗ്സ് | 1,50,000 |
| ഫർണിച്ചർ | 1,00,000 |
| **ആകെ** | **4,00,000** |
| **ബാധ്യതകൾ** | **₹** |
| ക്രെഡിറ്റേഴ്സ് | 60,000 |
| ബിൽസ് പേയബിൾ | 10,000 |
| ഷൈജയുടെ ക്യാപിറ്റൽ | 1,80,000 |
| സുന്ദാസിന്റെ ക്യാപിറ്റൽ | 1,50,000 |
| **ആകെ** | **4,00,000** |

01-04-2019-ൽ ഷിഹാബിനെ 1/3 ലാഭ വീതം നൽകി ബിസിനസിൽ പുതിയ പങ്കാളിയാക്കുന്നു. താഴെ പറയുന്ന വ്യവസ്ഥകൾ നടപ്പിൽ വരുത്താൻ പങ്കാളികൾ തമ്മിൽ ധാരണയായിട്ടുണ്ട് :

(a) ഷിഹാബ് 1,50,000 രൂപ മൂലധനമായും 50,000 രൂപ പണമായി സൽപേര് മൂല്യത്തിനുള്ള അയാളുടെ വീതമായികൊണ്ടു വരും.

(b) സ്റ്റോക്കിന്റെ പുതുക്കിയ വില 30,000 രൂപയും, ബിൾഡിംഗ്സിന്റെ വില 2,00,000 രൂപയുമായി നിശ്ചയിച്ചു.

(c) ഡെബ്റ്റേഴ്സിന്റെ 5% സംശയാസ്പദകടത്തിനുള്ള നീക്കിയിരിപ്പായി മാറ്റേണ്ടതാണ്.

(d) കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത 3,000 രൂപയുടെ നിക്ഷേപം കണക്കിലെടുക്കണം.

ഇവ പരിഗണിച്ചുകൊണ്ട്, പുനർമൂല്യനിർണ്ണയ അക്കൗണ്ട്, പങ്കാളികളുടെ മൂലധന അക്കൗണ്ടുകൾ, പുതിയ ബാക്കിപത്രം എന്നിവ തയ്യാറാക്കുക.

## PART – B

**(Scores : 20)**

## COMPUTERISED ACCOUNTING

**VI. Answer all questions from 21 to 25, each carries 1 score.** **(5 × 1 = 5)**

21. The sub-system of accounting information system, which deals with payment of salary and wages to employees is :
    (a) Costing Sub-System
    (b) Final Accounts Sub-System
    (c) Payroll Accounting Sub-System
    (d) Tax Accounting Sub-System

22. A spreadsheet file is called _________
    (a) Worksheet
    (b) Workbook
    (c) Range
    (d) Pop-up menu

23. In the syntax of 'PMT' function, 'Nper' indicates :
    (a) Interest rate
    (b) Loan amount
    (c) Number of repayment periods
    (d) Date of periodic payment

24. The system generated ledger accounts in GNU Khata include :
    (a) Closing stock
    (b) Opening stock
    (c) Stock at the beginning
    (d) All of these

25. _________ is used to retrieve information from a data base.
    (a) Tables
    (b) Queries
    (c) Forms
    (d) Reports

**VII. Answer any 2 questions from 26 to 28, each carries 2 scores :** **(2 × 2 = 4)**

26. Identify the types of codes used in the following cases :
    (a) 'CA' for Current Assets
    'CL' for Current Liabilities
    (b) 001 to 099 for Televisions
    100 to 199 for Washing Machines

## PART – B

**(Scores : 20)**

**കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്**

**VI. 21 മുതൽ 25 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.(5 × 1 = 5)**

21. അക്കൗണ്ടിംഗ് വിവര സമ്പ്രദായത്തിലെ ഏത് ഉപസമ്പ്രദയമാണ് ജീവനക്കാർക്ക് ശമ്പളവും, കൂലിയും നൽകുന്നതുമായി ബന്ധപ്പെട്ടത് ?
    - (a) കോസ്റ്റിങ്ങ് ഉപസമ്പ്രദായം
    - (b) വർഷാന്ത്യ കണക്കുകളുടെ ഉപസമ്പ്രദായം
    - (c) വേതന അക്കൗണ്ടിംഗ് ഉപസമ്പ്രദായം
    - (d) നികുതി അക്കൗണ്ടിംഗ് ഉപസമ്പ്രദായം

22. ഒരു സ്പ്രെഡ്ഷീറ്റ് ഫയലിനെ _________ എന്നു വിളിക്കുന്നു.
    - (a) വർക്ക്ഷീറ്റ്
    - (b) വർക്ക്ബുക്ക്
    - (c) ശ്രേണി
    - (d) പോപ്പ്അപ്പ് മെനു

23. 'പിഎംടി' എന്ന ഫങ്ഷന്റെ വാക്യഘടനയിലെ 'എൻപിഇആർ' എന്തിനെ സൂചിപ്പിക്കുന്നു ?
    - (a) പലിശനിരക്ക്
    - (b) വായ്പയുടെ തുക
    - (c) അടയ്ക്കേണ്ട കാലയളവുകളുടെ എണ്ണം
    - (d) പണമടവ് തീയതിയുടെ തരം

24. ജിനു ഖാത്തയിൽ, സോഫ്റ്റ്വെയർ നിർമ്മിത ലെഡ്ജർ അക്കൗണ്ടുകളിൽ ഉൾപ്പെടുന്നത് ഏത്?
    - (a) ക്ലോസിംഗ് സ്റ്റോക്ക്
    - (b) ഓപ്പണിംഗ് സ്റ്റോക്ക്
    - (c) സ്റ്റോക്ക് അറ്റ് ദി ബിഗിനിങ്ങ്
    - (d) ഇവയെല്ലാം

25. ഒരു ഡാറ്റാബേസിൽ നിന്നും വിവരങ്ങൾ വീണ്ടെടുക്കുന്നതിന് ________ ഉപയോഗിക്കുന്നു.
    - (a) ടേബിളുകൾ
    - (b) ക്വറികൾ
    - (c) ഫോമുകൾ
    - (d) റിപ്പോർട്ടുകൾ

**VII. 26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. :**

**(2 × 2 = 4)**

26. നൽകിയിരിക്കുന്ന ഉദാഹരണങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് ഏത് തരം കോഡുകളാണെന്ന് കണ്ടെത്തുക :
    - (a) 'CA' ഹ്രസ്വകാല ആസ്തികൾ
      'CL' ഹ്രസ്വകാല ബാധ്യതകൾ
    - (b) 001 മുതൽ 099 വരെ ടെലിവിഷനുകൾ
      100 മുതൽ 199 വരെ വാഷിംഗ് മെഷീനുകൾ

27. Name any four 'Date and Time Functions' available in LibreOffice Calc.

28. Give the path to perform the following in GNU Khata :

(a) View a ledger already created

(b) View the Balance Sheet

**VIII. Answer any 2 questions from 29 to 31, each carries 3 scores : (2 × 3 = 6)**

29. Briefly explain the procedure for the following spread-sheet operations in LibreOffice Calc :

(a) Add a new worksheet

(b) Delete a worksheet

(c) Rename a worksheet

30. (a) Name the finance function used for calculating the amount of annual depreciation under the written down value method.

(b) Give the syntax of this function.

(c) Briefly explain the parameters used in the syntax of this function.

31. Mr. Sukumar wants to move the title of a chart to a new location. Help him by explaining the required procedure.

**IX. Answer any 1 question from 32 and 33, carries 5 scores : (1 × 5 = 5)**

32. Explain any '5' voucher types used in GNU Khata, by giving the relevant short-cut keys.

33. Describe briefly the steps for creating and deleting 'relationships' in LibreOffice Base.

---

27. ലിബ്രെഓഫീസ് കാൽക്കിൽ ലഭ്യമായിട്ടുള്ള ഏതെങ്കിലും നാല് 'ഡേറ്റ് & ടൈം' ഫങ്ങ്ഷനുകളുടെ പേര് എഴുതുക.

28. ജിനു ഖാത്തയിൽ, താഴെപറയുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ക്രമാനുഗത പാത എഴുതുക :
    (a) ഇതിനകം തയ്യാറാക്കിയിട്ടുള്ള ലെഡ്ജർ കാണാൻ.
    (b) ബാക്കിപത്രം കാണാൻ

**VIII. 29 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. 3 സ്കോർ വീതം : (2 × 3 = 6)**

29. ലിബ്രെ ഓഫീസ് കാൽക്കിൽ, താഴെ നൽകിയിട്ടുള്ള സ്പ്രെഡ് ഷീറ്റ് പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ ചുരുക്കി വിവരിക്കുക :
    (a) പുതിയ വർക്ക്ഷീറ്റ് – കൂട്ടിച്ചേർക്കൽ
    (b) ഒരു വർക്ക്ഷീറ്റ് – നീക്കംചെയ്യൽ
    (c) ഒരു വർക്ക് ഷീറ്റിന്റെ – പേര് മാറ്റൽ

30. (a) നീക്കിയിരിപ്പ് മൂല്യരീതിയിൽ വാർഷിക മൂല്യക്ഷയത്തിന്റെ തുക കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്ന ധനകാര്യ ഫങ്ങ്ഷൻ ഏതാണ്?
    (b) ഈ ഫങ്ങ്ഷന്റെ വാക്യഘടന എഴുതുക.
    (c) ഈ വാക്യഘടനയിലെ വിവിധ ഘടകപദങ്ങളെക്കുറിച്ച് ലഘുവായിവിവരിക്കുക.

31. സുകുമാർ തയ്യാറാക്കിയ ഒരു ചാർട്ടിന്റെ ശീർഷകം മറ്റൊരു സ്ഥലത്തേക്ക് നീക്കുവാൻ അയാൾ ആഗ്രഹിക്കുന്നു. ഇതിനുള്ള നടപടിക്രമം വിവരിച്ചു നൽകി അയാളെ സഹായിക്കുക.

**IX. 32, 33 ചോദ്യങ്ങളിൽ 1 ന് മാത്രം ഉത്തരമെഴുതുക. 5 സ്കോർ. (1 × 5 = 5)**

32. ജിനു ഖാത്തയിൽ ഉപയോഗിക്കുന്ന ഏതെങ്കിലും '5' തരം വൗച്ചറുകളെക്കുറിച്ച്, അവയുടെ 'എളുപ്പ വഴി കീ' നൽകി, വിവരിക്കുക.

33. ലിബ്രെ ഓഫീസ് ബേസിൽ റിലേഷൻഷിപ്പ് തയ്യാറാക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ചുരുക്കി വിവരിക്കുക.